# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 16.12.2025

## ഭക്തരുടെ എണ്ണം മുൻവർഷത്തേക്കാൾ കൂടിയെങ്കിലും ദർശനം സുഗമം: എഡിജിപി എസ് ശ്രീജിത്ത്

ഭക്തരുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായെങ്കിലും കൃത്യമായ ക്രമീകരണങ്ങളിലൂടെ എല്ലാവർക്കും സുഗമമായ ദർശനം സാധ്യമാക്കാൻ കഴിഞ്ഞെന്ന് ശബരിമല ചീഫ് പോലീസ് കോഡിനേറ്ററായ എഡിജിപി എസ് ശ്രീജിത്ത് പറഞ്ഞു. കഴിഞ്ഞവർഷം ഈ സമയം 21 ലക്ഷം ഭക്തരാണ് എത്തിയിരുന്നത്. എന്നാൽ ഇത്തവണ അത് 25 ലക്ഷം പിന്നിട്ടിരിക്കുന്നു. ആദ്യ ദിവസങ്ങളിൽ വലിയ തിരക്ക് വന്നെങ്കിലും അത് പരിഹരിക്കാൻ സാധിച്ചു. വെർച്വൽ ക്യൂ പാസ് അനുവദിച്ചിരിക്കുന്ന ദിവസം തന്നെ ഭക്തർ പലരും എത്താതിരിക്കുന്നതിനാൽ ആണ് ഈ പ്രതിസന്ധി ഉണ്ടായത്. പാസ് അനുസരിച്ച് അതേ ദവസം തന്നെ ഭക്തർ എത്തിയാൽ എല്ലാവർക്കും ദർശനത്തിന് സമയം ലഭിക്കും. ക്രമം തെറ്റിച്ച് എത്തുന്ന ഭക്തർ അധികൃതരുടെ നിർദ്ദേശം അനുസരിച്ച് കാത്തുനിൽക്കാൻ തയ്യാറാവണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.



ഇത്തവണത്തെ പ്രത്യേകത വാരാന്ത്യ ദിവസങ്ങളിൽ തിരക്ക് കുറയുന്നു എന്നതാണ്. എന്നാൽ പ്രവർത്തി ദിവസങ്ങളിൽ വലിയ തോതിൽ ഭക്തർ എത്തുകയും ചെയ്യുന്നു. ഡിസംബർ അവസാനവാരത്തോടെ തിരക്ക് കൂടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ദർശനം സുഗമമാക്കാൻ എല്ലാവിധ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട് എന്നും അദ്ദേഹം അറിയിച്ചു.

**തങ്ക അങ്കി ഘോഷയാത്ര ഡിസംബർ 23 ന് പുറപ്പെടും; 26 ന് ശബരിമലയിലെത്തും**

മണ്ഡല പൂജയ്ക്ക് ശബരിമല അയ്യപ്പസ്വാമിക്ക്

ചാർത്തുവാനുള്ള തങ്ക അങ്കി വഹിച്ചുള്ള രഥഘോഷയാത്ര ഡിസംബർ 23 രാവിലെ ഏഴിന് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെടും. ഡിസംബർ 26ന് വൈകുന്നേരം ദീപാരാധനയ്ക്കു മുൻപ് ശബരിമല സന്നിധാനത്ത് എത്തിച്ചേരും. ഡിസംബർ 23 ന് രാവിലെ അഞ്ചു മുതൽ ഏഴുവരെ ആറന്മുള ക്ഷേത്ര അങ്കണത്തിൽ തങ്ക അങ്കി പൊതുജനങ്ങൾക്ക് ദർശിക്കാൻ അവസരമുണ്ട്. തിരുവിതാംകൂർ മഹാരാജാവ് അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്താനായി സമർപ്പിച്ചിട്ടുള്ളതാണ് തങ്ക അങ്കി.

തങ്ക അങ്കി ഘോഷയാത്ര എത്തുന്ന സ്ഥലങ്ങളും സമയവും എന്ന ക്രമത്തിൽ :

ഡിസംബർ 23: രാവിലെ 7ന് ആറന്മുള പാർഥസാരഥി ക്ഷേത്രം (ആരംഭം). 7.15ന് മൂർത്തിട്ട ഗണപതി ക്ഷേത്രം. 7.30ന് പുന്നംതോട്ടം ദേവീ ക്ഷേത്രം. 7.45ന് ചവുട്ടുകുളം മഹാദേവക്ഷേത്രം. 8ന് തിരുവഞ്ചാംകാവ് ദേവിക്ഷേത്രം. 8.30ന് നെടുംപ്രയാർ തേവലശേരി ദേവി ക്ഷേത്രം. 9.30ന് നെടുംപ്രയാർ ജംഗ്ഷൻ. 10ന് കോഴഞ്ചേരി ടൗൺ. 10.10ന് കോഴഞ്ചേരി ശ്രീ മുരുകാ കാണിക്ക മണ്ഡപം, 10.20ന് തിരുവാഭരണപാത അയ്യപ്പ മണ്ഡപം കോളജ് ജംഗ്ഷൻ. 10.30ന് കോഴഞ്ചേരി പാമ്പാടിമൺ അയ്യപ്പക്ഷേത്രം. 11ന് കാരംവേലി. 11.15ന് ഇലന്തൂർ ഇടത്താവളം. 11.20ന് ഇലന്തൂർ ശ്രീഭഗവതിക്കുന്ന് ദേവീക്ഷേത്രം. 11.30ന് ഇലന്തൂർ ഗണപതി ക്ഷേത്രം. 11.45ന് ഇലന്തൂർ കോളനി ജംഗ്ഷൻ. 12.30ന് ഇലന്തൂർ നാരായണമംഗലം. ഉച്ചകഴിഞ്ഞ് രണ്ടിന് അയത്തിൽ മലനട ജംഗ്ഷൻ. 2.30ന് അയത്തിൽ കുടുംബയോഗ മന്ദിരം. 2.40ന് അയത്തിൽ ഗുരുമന്ദിര ജംഗ്ഷൻ. 2.50ന് മെഴുവേലി ആനന്ദഭൂദേശ്വരം ക്ഷേത്രം. 3.15ന് ഇലവുംതിട്ട ദേവീക്ഷേത്രം. 3.45ന് ഇലവുംതിട്ട മലനട.

4.30ന് മുട്ടത്തുകോണം എസ്എൻഡിപി മന്ദിരം. 5.30ന് കൈതവന ദേവീക്ഷേത്രം. 6ന് പ്രക്കാനം ഇടനാട് ഭഗവതി ക്ഷേത്രം. 6.30ന് ചീക്കനാൽ. രാത്രി 7ന് ഊപ്പമൺ ജംഗ്ഷൻ. രാത്രി 8ന് ഓമല്ലൂർ ശ്രീ രക്തകണ്ഠസ്വാമി ക്ഷേത്രം(രാത്രി വിശ്രമം).

ഡിസംബർ 24ന് രാവിലെ 8ന് ഓമല്ലൂർ ശ്രീ രക്തകണ്ഠ സ്വാമി ക്ഷേത്രം(ആരംഭം). 9ന് കൊടുന്തറ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം. 10ന് അഴൂർ ജംഗ്ഷൻ. 10.45ന് പത്തനംതിട്ട ഊരമ്മൻ കോവിൽ. 11ന് പത്തനംതിട്ട ശാസ്താക്ഷേത്രം. 11.30ന് കരിമ്പനയ്ക്കൽ ദേവിക്ഷേത്രം. 12ന് ശാരദാമഠം മുണ്ടുകോട്ടയ്ക്കൽ എസ്എൻഡിപി മന്ദിരം. 12.30ന് വിഎസ്എസ് 78–ാം നമ്പർ ശാഖ കടമ്മനിട്ട. ഉച്ചയ്ക്ക് 1ന് കടമ്മനിട്ട ഭഗവതിക്ഷേത്രം (ഉച്ചഭക്ഷണം, വിശ്രമം). ഉച്ചകഴിഞ്ഞ് 2.15ന് കടമ്മനിട്ട ഋഷികേശ ക്ഷേത്രം. 2.30ന് കോട്ടപ്പാറ കല്ലേലിമുക്ക്. 2.45ന് പേഴുംകാട് എസ്എൻഡിപി മന്ദിരം. 3.15ന് മേക്കൊഴൂർ ക്ഷേത്രം. 3.45ന് മൈലപ്ര ഭഗവതി ക്ഷേത്രം. 4.15ന് കുമ്പഴ ജംഗ്ഷൻ. 4.30ന് പാലമറ്റൂർ അമ്പലമുക്ക്. 4.45ന് പുളിമുക്ക്. 5.30ന് വെട്ടൂർ ശ്രീ മഹാവിഷ്ണു ക്ഷേത്ര ഗോപുരപ്പടി. 6.15ന് ഇളകൊള്ളൂർ മഹാദേവക്ഷേത്രം. രാത്രി 7.15ന് ചിറ്റൂർ മുക്ക്. രാത്രി 7.45ന് കോന്നി ടൗൺ. രാത്രി 8ന് കോന്നി ചിറയ്ക്കൽ ക്ഷേത്രം. രാത്രി 8.30ന് കോന്നി മുരിങ്ങമംഗലം ക്ഷേത്രം(രാത്രി ഭക്ഷണം, വിശ്രമം).

ഡിസംബർ 25ന് രാവിലെ 7.30ന് കോന്നി മുരിങ്ങമംഗലം ക്ഷേത്രം(ആരംഭം). 8ന് ചിറ്റൂർ മഹാദേവ ക്ഷേത്രം. 8.30ന് അട്ടച്ചാക്കൽ. 9ന് വെട്ടൂർ ക്ഷേത്രം (പ്രഭാതഭക്ഷണം). 10.30ന് മൈലാടുംപാറ, 11ന് കോട്ടമുക്ക്. 12ന് മലയാലപ്പുഴ ക്ഷേത്രം. 1ന് മലയാലപ്പുഴ താഴം. 1.15ന് മണ്ണാറക്കുളഞ്ഞി. 3ന്

തോട്ടമൺകാവ് ക്ഷേത്രം. 3.30ന് റാന്നി രാമപുരം ക്ഷേത്രം(ഭക്ഷണം, വിശ്രമം). 5.30ന് ഇടക്കുളം ശാസ്താക്ഷേത്രം. 6.30ന് വടശേരിക്കര ചെറുകാവ്. രാത്രി 7ന് വടശേരിക്കര പ്രയാർ മഹാവിഷ്ണു ക്ഷേത്രം. രാത്രി 7.45ന് മാടമൺ ക്ഷേത്രം. രാത്രി 8.30ന് പെരുനാട് ശാസ്താ ക്ഷേത്രം(രാത്രി ഭക്ഷണം, വിശ്രമം).

ഡിസംബർ 26ന് രാവിലെ 8ന് പെരുനാട് ശാസ്താ ക്ഷേത്രം(ആരംഭം). 9ന് ളാഹ സത്രം. 10ന് പ്ലാപ്പള്ളി. 11ന് നിലയ്ക്കൽ ക്ഷേത്രം. ഉച്ചയ്ക്ക് 1ന് ചാലക്കയം. 1.30ന് പമ്പ(വിശ്രമം). പമ്പയിൽ നിന്ന് ഉച്ചകഴിഞ്ഞ് മൂന്നിനു പുറപ്പെട്ട് വൈകുന്നേരം അഞ്ചിന് ശരംകുത്തിയിൽ എത്തിച്ചേരും. ഇവിടെ നിന്നും ആചാരപൂർവം സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കും. പതിനെട്ടാംപടി കയറി സോപാനത്ത് എത്തുമ്പോൾ തന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങി അയ്യപ്പ വിഗ്രഹത്തിൽ തങ്ക അങ്കി ചാർത്തി 6.30ന് ദീപാരാധന നടക്കും. 27ന് ഉച്ചയ്ക്ക് തങ്ക അങ്കി ചാർത്തി മണ്ഡല പൂജ നടക്കും .

## 196 ബസ്സുകൾ; മുക്കാൽ ലക്ഷത്തോളം ട്രിപ്പുകൾ; അയ്യപ്പഭക്തരുടെ യാത്ര എളുപ്പമാക്കി കെഎസ്ആർടിസി*

ഇടതടവില്ലാതെ ചെയിൻ സർവീസുകളും ദീർഘദൂര സർവീസുകളുമായി അയ്യപ്പഭക്തരുടെ യാത്ര സുഗമമാക്കി കെഎസ്ആർടിസി. പമ്പയിൽ നിന്നും 196 ബസ്സുകൾ ആണ് സർവീസ് നടത്തുന്നത്. പമ്പ – നിലക്കൽ റൂട്ടിൽ ഇരുവശത്തേക്കുമായി ഇതുവരെ 71,500 ചെയിൻ സർവീസുകൾ നടത്തിയിട്ടുണ്ട്. പമ്പയിലേക്ക് 8030,

പമ്പയിൽ നിന്നും 8050 എന്നിങ്ങനെ ദീർഘദൂര സർവീസുകളും നടത്തിയിട്ടുണ്ട്. ഇതോടൊപ്പം തെങ്കാശി, പഴനി, കോയമ്പത്തൂർ തുടങ്ങിയ ഇൻറർസ്റ്റേറ്റ് സർവീസുകളും ആരംഭിച്ചിട്ടുണ്ട്. ഗുരുവായൂർ, തൃശ്ശൂർ എന്നീ സ്ഥലങ്ങളിലേക്കും സർവീസുകൾ നടത്തുന്നുണ്ട്. പമ്പ ഓഫീസിൽ യാത്രക്കാർക്ക് ട്രാവൽ കാർഡുകൾ ലഭ്യമാണ്. വിവിധ സ്ഥലങ്ങളിലേക്ക് ചാർട്ടേഡ് ട്രിപ്പുകൾ ക്രമീകരിച്ചിട്ടുണ്ട്. പമ്പ-ത്രിവേണി, നിലക്കൽ പാർക്കിംഗ് ഗ്രൗണ്ടുകൾ കണക്ട് ചെയ്തുള്ള സർവീസുകൾക്ക് പുതിയ ഐഷർ ബസുകൾ അനുവദിച്ചു. പമ്പ ഡിപ്പോയിൽ നിന്ന് മാത്രം 40 ലക്ഷം രൂപയുടെ പ്രതിദിന വരുമാനമാണ് കെഎസ്ആർടിസി ലഭിക്കുന്നത്.

## സന്നിധാനത്ത് ഭക്തിഗാന സുധയുമായി ഗാന്ധർവ് മ്യൂസിക്

സന്നിധാനത്തെ ഭക്തിയിൽ അലിയിച്ച് സംഗീതസംവിധായകൻ വൈക്കം രഞ്ജിത്തിന്റെ നേതൃത്വത്തിൽ അരങ്ങേറിയ ഭക്തിഗാന സുധ. ഋതുൽ മോഹൻ, ബാലമുരളീ നെടുംപുറം, ശ്രീകാന്ത് എൻ എസ് എന്നിവരാണ് ആലാപനം. ഓമനക്കുട്ടൻ പാണാവള്ളി, രഞ്ജിത്ത് ഗാന്ധർവ്, ഉമേഷ് സുധാകർ ജഗദീഷ് കുമാർ, സുകേഷ് കെ ദിവാകർ എന്നിവരാണ് ഓർക്കസ്ട്ര. ഇത് അഞ്ചാം വർഷമാണ് ഗാന്ധർവ് മ്യൂസിക് സന്നിധാനത്ത് ഭക്തിഗാന സുധാ അവതരിപ്പിക്കുന്നത്.

# പോലീസിന്റെ നാലാമത്തെ ബാച്ച് ചുമതലയേൽക്കും

സന്നിധാനത്ത് സുരക്ഷാ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ നാലാമത്തെ ബാച്ച് ഇന്ന് (ഡിസംബർ 17) ചുമതലയേൽക്കുമെന്ന് സന്നിധാനം സ്പെഷ്യൽ ഓഫീസർ പി.ബാലകൃഷ്ണൻ നായർ അറിയിച്ചു. രാവിലെ 9 മണിക്ക് പുതിയ ഉദ്യോഗസ്ഥർക്കുള്ള ഡ്യൂട്ടി വിശദീകരിച്ച് നൽകും. ശാസ്താ ഓഡിറ്റോറിയത്തിലാണ് ബ്രീഫിംഗ് നടക്കുന്നത്. മൂന്നാംഘട്ടത്തിൽ 1600 പോലീസുകാരാണ് ഡ്യൂട്ടിയിലുള്ളത്. 10 ദിവസമാണ് ഓരോ ബാച്ചിന്റെയും സേവന കാലാവധി. പുതുതായി ചുമതലയേൽക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് മാർഗനിർദേശങ്ങൾ നൽകിയ ശേഷം പഴയ ബാച്ചിലുള്ളവരുമായി ആശയവിനിമയം നടത്തുന്നതിന് അവസരം നൽകും. പുതുതായി ചുമതലയേൽക്കുന്നവർക്കൊപ്പം ഡ്യൂട്ടി ചെയ്ത ശേഷമായിരിക്കും പഴയ ബാച്ചിലുള്ളവർ ഡ്യൂട്ടിയിൽ നിന്ന് പിൻവാങ്ങുക.

ശനി, ഞായർ ദിവസങ്ങളിൽ തിരക്ക് കുറവായിരുന്നു. തിങ്കളാഴ്ച മുതൽ തിരക്ക് വീണ്ടും വർധിച്ചതായി സ്പെഷ്യൽ ഓഫീസർ പറഞ്ഞു. മണ്ഡലകാലം ഒരു മാസം പിന്നിടുകയാണ്. വരുംദിവസങ്ങളിലും തിരക്ക് വർധിക്കാനാണ് സാധ്യത. തങ്കഅങ്കി ഘോഷയാത്രയും മണ്ഡലപൂജയും നടക്കുന്ന ദിവസങ്ങളിൽ തിരക്ക് വർധിക്കും. ഇതു കണക്കിലെടുത്ത് പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങളാണ് പോലീസ് ഒരുക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. പരാതികളില്ലാതെ സുഗമ ദർശനം

സാധ്യമാക്കുന്നതിനുള്ള നടപടികളാണ് പോലീസ് നടപ്പിലാക്കുന്നത്.

കൊടിമരം, സോപാനം, മാളികപ്പുറം, പതിനെട്ടാംപടിക്ക് താഴെ, നടപ്പന്തൽ, യു ടേൺ, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, പാണ്ടിത്താവളം, കൺട്രോൾ റൂം എന്നിങ്ങനെ 11 ഡിവിഷനുകളായി തിരിച്ചാണ് സന്നിധാനത്ത് പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത്. ഡിവൈഎസ്പിമാർക്കാണ് ഓരോ ഡിവിഷന്റെയും ചുമതല.

ആറുഘട്ടങ്ങളായാണ് സന്നിധാനത്ത് പോലീസിനെ വിന്യസിക്കുന്നത്. ഡിസംബർ 19 മുതൽ 28 വരെയുള്ള കാലയളവിൽ നാലാംഘട്ടവും 29 മുതൽ ജനുവരി 9 വരെ അഞ്ചാംഘട്ടവും ജനുവരി 9 മുതൽ 20 വരെ ആറാംഘട്ടവുമായാണ് പോലീസിനെ വിന്യസിക്കുന്നത്.

**ശരണം വിളിച്ച് കയറൂ..ക്യൂ പാലിക്കൂ**

പതിനെട്ടാംപടി കയറി വരുന്ന അയ്യപ്പഭക്തരോട് ക്യൂ പാലിക്കാനും തിരക്കുണ്ടാകാതെ കയറിവരാനും നിർദേശം നൽകാനായി പോലീസിന് മൈക്രോഫോൺ അനൗൺസ്മെന്റ് സംവിധാനം ഏർപ്പെടുത്തി. ശരണം വിളികൾക്കിടയിൽ നിർദേശങ്ങൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞാലും ഭക്തർക്ക് കേൾക്കാൻ കഴിയില്ല. ചെറിയ കുട്ടികളുമായി നിരവധി അയ്യപ്പൻമാരാണ് പടികയറിയെത്തുന്നത്. കുട്ടികളെ സുരക്ഷിതമായി പടി കയറ്റിവിടുന്നതിന് ഡ്യൂട്ടിയിലുള്ള പോലീസുകാർ പ്രത്യേക

ജാഗ്രത പുലർത്തുന്നത് കാണാം. ഭക്തർക്ക് കേൾക്കാൻ കഴിയുന്ന വിധത്തിൽ നിർദേശങ്ങൾ നൽകുന്നതിനാണ് മെഗാഫോണും മൈക്രോഫോണും പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്നത്.

പതിനെട്ടാംപടി കയറിവരുന്ന ഭക്തജനങ്ങൾക്ക് മൈക്രോഫോണിലൂടെ നിർദേശം നൽകുന്നതിനായി പ്രത്യേകം പോലീസുകാരെ കൊടിമരത്തിനു സമീപം വിന്യസിച്ചിട്ടുണ്ട്. ശരണം വിളിയോടെ പടികയറിവരാനും പറയുന്നത് മെഗാഫോണിലൂടെ കേൾക്കാം. പതിനെട്ടാംപടിക്ക് പുറമേ വിവിധ പോയിന്റുകളിൽ പോലീസിന്റെ മൈക്രോഫോൺ അനൗൺസ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## അമൃതവർഷിണിയുമായി രാജീവ് ആദികേശവ്

സന്നിധാനത്തെ ഭക്തിയിൽ അലിയിച്ച് സംഗീതജ്ഞൻ രാജീവ് ആദികേശവിന്റെ സംഗീത പരിപാടി. അമൃതവർഷിണി എന്ന പേരിലാണ് ഭക്തിഗാനങ്ങളും ശാസ്ത്രീയ സംഗീതവും കോർത്തിണക്കിയ ഗാനസുധ. കഴിഞ്ഞ 16 വർഷമായി തുടർച്ചയായി അയ്യപ്പസന്നിധിയിൽ ഭക്തിഗാനാലാപം നടത്തിവരികയാണ് രാജീവ്. നിധിൻ കാർത്തികേയൻ – വയലിൻ, മൃദംഗം–രാധാകൃഷ്ണൻ, പുല്ലാംകുഴൽ–ശിവപ്രസാദ്, ഘടം–വിശാഖ് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. നെയ്യാറ്റിൻകര സ്വദേശിയായ രാജീവ് അയ്യപ്പദർശനത്തിനു ശേഷമാണ് സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ സംഗീത പരിപാടി അവതരിപ്പിച്ചത്. അയ്യപ്പനുള്ള സമർപ്പണമാണ് ഭക്തിഗാന സുധയെന്ന് അദ്ദേഹം പറഞ്ഞു.

## ഒരുമാസം പിന്നിട്ട് മണ്ഡലകാലം; ഇതുവരെയെത്തിയത് 26.81 ലക്ഷം ഭക്തജനങ്ങൾ

നവംബർ 16 ന് ആരംഭിച്ച ശബരിമല തീർഥാടനകാലം ഒരു മാസം പിന്നിടുമ്പോൾ അയ്യപ്പദർശനപുണ്യം നേടിയത് 2681460 ഭക്തർ. ഡിസംബർ 16 വൈകിട്ട് 8 മണിവരെയുള്ള കണക്ക്പ്രകാരമാണിത്. വിവിധ കാനനപാതകളിലൂടെ എത്തുന്ന ഭക്തരുടെ എണ്ണവും ഇക്കൊല്ലം വർധിച്ചു. അഴുതക്കടവ്–പമ്പ വഴി 46690 ഭക്തരും സത്രം വഴി 74473 പേരും സന്നിധാനത്തെത്തി.

പമ്പയിൽ നിന്ന് ശബരിമലയിലെത്തിയവരുടെ എണ്ണം 2560297 ആണ്. സത്രം വഴി ശരാശരി 4000 പേരാണ് അയ്യപ്പസന്നിധിയിലെത്തുന്നത്. ഒരു മാസം പൂർത്തിയാകുന്ന ഡിസംബർ 16 ന് ആകെ 66289 ഭക്തരാണ് (വൈകിട്ട് 8 മണിവരെയുള്ള കണക്ക്) മലചവിട്ടിയത്. ഡിസംബർ 8 നാണ് ഏറ്റവും അധികം പേരെത്തിയത് – 101,844 പേർ. നവംബർ 24 നും ഭക്തരുടെ എണ്ണം ഒരു ലക്ഷം കഴിഞ്ഞിരുന്നു – 100,867.

അയ്യപ്പ ദർശനത്തിനായി കാനനപാത വഴി എത്തുന്ന ഭക്തരുടെ സുരക്ഷയ്ക്കായി കൃത്യതയാർന്ന ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വനംവകുപ്പിന്റെ പാണ്ടിത്താവളം സെക്ഷൻ ഓഫീസർ ബി. ശിവപ്രസാദ് പറഞ്ഞു. സത്രം, ഉപ്പുപാറ, കഴുതക്കുഴി, പാണ്ടിത്താവളം എന്നിങ്ങനെ നാല് സെക്ഷനുകളാണ് സത്രം വഴിയുള്ള കാനനപാതയിലുള്ളത്. സത്രം, ഉപ്പുപാറ പോയിന്റുകളിൽ പോലീസും വനം വകുപ്പുമാണ് തീർഥാടകരെ കയറ്റിവിടുന്നത്. ബാക്കി പോയിന്റുകളിൽ സുരക്ഷാ ചുമതല പൂർണമായും വനം വകുപ്പിനാണ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, വാച്ചർമാർ, എക്കോ ഗാർഡുകൾ തുടങ്ങിയവരാണ് സുരക്ഷാ ചുമതല നിർവഹിക്കുന്നത്. വന്യമൃഗങ്ങളിൽ നിന്ന് ഭക്തർക്ക് സംരക്ഷണം നൽകുന്നതിനായി റൈഫിളുകളുമായി വനം വകുപ്പ് ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുണ്ട്. കൂടാതെ കാനന പാതയിലൂടെ എത്തുന്ന ഭക്തരുടെ സഹായത്തിന് ഫയർ ഫോഴ്സിന്റെയും എൻഡിആർഎഫിന്റെയും ദേവസ്വത്തിന്റെയും സ്ട്രെച്ചർ സംഘവും സജ്ജമാണ്.

പെരിയാർ വെസ്റ്റ് ഡിവിഷന്റെ കീഴിലുള്ള പമ്പ റേഞ്ചും അഴുത റേഞ്ച് ഉദ്യോഗസ്ഥരും യോജിച്ചാണ് കാനനപാത വഴിയുള്ള ഭക്തരുടെ തീർഥാടന യാത്രയിലെ സുരക്ഷ ഏകോപിപ്പിക്കുന്നത്.